

# വിജിലന്റ് ഗ്രൂപ്പുകൾ




**എസ്. ഹരികിഷോർ ഐ എ എസ്**

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**


കേരളത്തിലെ ഓരോ പഞ്ചായത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനവും കുടുംബശ്രീയും സംയോജിച്ച് സ്ത്രീകളുടെ വികസനത്തിനും പുരോഗതിക്കും സുരക്ഷയ്ക്കും ഉയർച്ചയ്ക്കും വേണ്ടിയുള്ള പദ്ധതികൾ ഏകോപിപ്പിക്കുന്ന ഇടങ്ങളായ ജെൻഡർ റിസോഴ്സ് സെന്ററുകളെക്കുറിച്ച് ഇന്നലെ (ങമസശിഴ മി കാുമരേ 128) സൂചിപ്പിച്ചുവല്ലോ. ഈ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയപ്പോൾ ഞങ്ങൾക്ക് തോന്നിയ മറ്റൊരാശയമാണ് സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയെയും ഉന്നമനത്തെയും മുൻനിർത്തിക്കൊണ്ട് പ്രവർത്തിക്കാനുള്ള ഒരു ചെറിയ കർമ്മസേന ഓരോ വാർഡിലും രൂപീകരിക്കുകയെന്നത്. സ്ത്രീകളും കുട്ടികളും പ്രശ്നങ്ങൾ നേരിടുമ്പോൾ അതിനെതിരേ പ്രതികരിക്കാനും അവർക്ക് വേണ്ട സഹായങ്ങൾക്കായി ഏകോപനം നടത്താനും വേണ്ടിയുള്ള വാർഡ് തലത്തിലുള്ള കൂട്ടായ്മയാണ് വിജിലന്റ് ഗ്രൂപ്പ്. കുടുംബശ്രീയുടെ ഒരു പുതിയ പദ്ധതിയാണെന്നതിനാൽ തന്നെ വിജിലന്റ് ഗ്രൂപ്പുകൾ പ്രവർത്തനതലത്തിൽ ഇനിയും കൂടുതൽ കാര്യക്ഷമതയും ലക്ഷ്യബോധവും കൈവരിക്കേണ്ടതാണെന്ന വസ്തുത മറച്ചുവയ്ക്കുന്നില്ല. സ്ത്രീകൾക്കെതിരേ അക്രമങ്ങളുണ്ടാകുമ്പോൾ ചെറുക്കാനും അവയ്ക്കെതിരേ

ശബ്ദമുയർത്താനും ഓരോ വാർഡിലും വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുകയെന്ന പ്രാഥമിക ലക്ഷ്യം ഞങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. കേരളത്തിലെ 19,770 വാർഡുകളിലും കുടുംബശ്രീ വിജിലന്റ് ഗ്രൂപ്പുകൾ രൂപീകൃതമായിക്കഴിഞ്ഞു. 1,36,062 പേർ ഈ വിജിലന്റ് ഗ്രൂപ്പുകളിൽ അംഗങ്ങളാണ്.

5 മുതൽ 10 പേരുവരെയടങ്ങുന്ന ഒരു ചെറിയ പ്രവർത്തന സംഘമാണ് വിജിലന്റ് ഗ്രൂപ്പ്. വാർഡ് മെമ്പറാണ് വിജിലന്റ് ഗ്രൂപ്പ് ചെയർമാൻ. ഓരോ വാർഡിലുമുള്ള വിജിലന്റ് ഗ്രൂപ്പിൽ കുടുംബശ്രീ സിഡിഎസ് അംഗങ്ങൾ, പൊതു പ്രവർത്തകർ, സാമൂഹ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ താത്പര്യമുള്ളവർ എന്നിങ്ങനെയുള്ളവരാണുണ്ടാകുക. ആദ്യഘട്ടത്തിൽ ഇത്തരത്തിലൊരു കൂട്ടായ്മയെപ്പറ്റി വാർഡ് തലത്തിൽ ബോധവത്ക്കരണം നടത്തുകയും വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ ഗ്രൂപ്പ് അംഗങ്ങൾക്ക് തദ്ദേശ സ്ഥാപന തലത്തിലും ജില്ലാതലത്തിലും ഒരു പൊതു ദിശാബോധം നൽകാനാണ് ഞങ്ങൾ ശ്രമിച്ചത്. മുഴുവൻ വിജിലന്റ് ഗ്രൂപ്പ് അംഗങ്ങളും ആദ്യഘട്ടത്തിലെ ബോധവത്ക്കരണവും പരിശീലനവും പൂർത്തിയാക്കിക്കഴിഞ്ഞു. ഗ്രൂപ്പ് അംഗങ്ങളുടെ പ്രാപ്തി വർദ്ധവിനുള്ള പരിശീലനങ്ങൾ ഈ സാമ്പത്തികവർഷം പൂർത്തിയാക്കും. ഇനി വിജിലന്റ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാനും ഒരു ടീമെന്ന നിലയിൽ പ്രവർത്തിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനുമുള്ള സമയാണ്. ഈ ഘട്ടത്തിൽ പുതിയ ആശയങ്ങളെക്കുറിച്ചും പ്രവർത്തന രൂപരേഖയെക്കുറിച്ചും ഞങ്ങൾ ആലോചിക്കുകയാണ്. വൈകാതെ അത് ഓരോന്നായി നടപ്പിൽ വരുത്തുകയും ചെയ്യും.

2018ലെ പ്രളയത്തിൽ സമാനതകളില്ലാത്ത ദുരിതമാണ് കേരളം നേരിട്ടത്. ദുരന്തങ്ങളുണ്ടാകുമ്പോൾ പ്രാദേശിക തലത്തിൽ സേവനങ്ങൾ നൽകുന്നതിനായുള്ള സന്നദ്ധസേവകരുടെ സംഘം സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ രൂപീകരിക്കുമ്പോൾ വിജിലന്റ് ഗ്രൂപ്പ് അംഗങ്ങളെക്കൂടി പരിഗണിക്കുന്നതിനെക്കുറിച്ച് ഞങ്ങൾ ആലോചിക്കുകയാണ്. സാമൂഹ്യപ്രശ്നങ്ങളിൽ



ഏറ്റവും കാര്യക്ഷമമായി ഇടപെടുന്ന ഇത്തരമാളുകൾ ദുരന്ത നിവാരണ രംഗത്തും ആവശ്യമായ പ്രതിരോധവും സഹായവുമേകാൻ ഏകോപനം നൽകുമെന്നതിനാൽ ഈ പ്രവർത്തനവുമായി സംയോജിപ്പിക്കുന്നത് ഏറെ അനുയോജ്യമാണ്. ഇത് കൂടാതെ ചില ജില്ലകളിൽ വിജിലന്റ് ഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ പ്രത്യേക കർമ്മസേന ജില്ലാതലത്തിൽ രൂപീകരിച്ച് പ്രവർത്തനം നടത്തിവരികയാണ്. കോഴിക്കോട് ജില്ലയിലെ പിങ്ക് ടാസ്ക് ഫോഴ്സ് ഇതിന്റെ ഉദാഹരണമാണ്. വിജിലന്റ് ഗ്രൂപ്പ് അംഗങ്ങളായ 110 പേരുൾപ്പെടുന്ന പിങ്ക് ടാസ്ക് ഫോഴ്സിന്റെ ഭാഗമായി കരാട്ടേ പരിശീലനമുൾപ്പെടെയുള്ള പ്രതിരോധ പരിശീലനങ്ങൾ അവർക്ക് നൽകുന്നു. കൂടാതെ വനിതാ സെക്യൂരിറ്റി ജോലികളുൾപ്പെടെയുള്ള അവസരങ്ങളും ലഭ്യമാക്കുന്നു. അങ്ങനെ വിജിലന്റ് ഗ്രൂപ്പ് അംഗങ്ങൾക്ക് ഉപജീവന മാർഗ്ഗങ്ങളും തുറന്ന് നൽകുന്നു. ഇത്തരത്തിൽ കൂടുതൽ ആശയങ്ങൾ സംയോജിപ്പിച്ച് വിജിലന്റ് ഗ്രൂപ്പിനെ ഒരു വലിയ പ്രതിരോധ സേനയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മാറ്റുകയും തുടർ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യണമെന്നുമാണ് ഞങ്ങൾ ആലോചിക്കുന്നത്.